LIBRARY ARCHIVES Kerala Legislative Assembly

ഗ്രാമപഞ്ചായത്ത് പ്രവർത്തനങ്ങളിൽ കുടുംബശ്രീക്ക് പങ്കാളിത്തം

25 (*145) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമപഞ്ചായത്തുകൾ പ്രവർത്തനങ്ങളിൽ കുടുംബശ്രീക്ക് കൂടുതൽ ചുമതലകൾ നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാം പുതിയ ചുമതലകളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) കുടുംബശ്രീ നൽകുന്ന സേവനങ്ങളുടെ പ്രതിഫല നിരക്ക് നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) ഗ്രാമപഞ്ചായത്തുകളിൽ സേവാഗ്രാം ഫെസിലിറ്റേറ്റർമാരായി എത്ര പേർ പ്രവർത്തിക്കുന്നുണ്ട് ; ഇവരുടെ ചുമതലകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ) ഉണ്ട്. 19-3-2014-ലെ സ.ഉ.(കൈ) നമ്പർ 57/2014/തസ്വഭവ പ്രകാരം ഗ്രാമപഞ്ചായത്ത് പ്രവർത്തനങ്ങളിൽ കുടുംബശ്രീക്ക് കൂടുതൽ ചുമതലകൾ നൽകി ഉത്തരവായിട്ടുണ്ട്. വിശദവിവരം അനുബന്ധം - I ആയി ചേർക്കുന്നു.*

(ബി) ഉണ്ട്. ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനങ്ങളിൽ സഹകരിക്കുന്നതിന് തെരഞ്ഞെടുക്കപ്പെടുന്ന കുടുംബശ്രീ പ്രവർത്തകർക്ക് പ്രതിമാസം 1,000 രൂപയും ഡിമാന്റ് നോട്ടീസുകളുടെ വിതരണത്തിന് നോട്ടീസ് ഒന്നിന് 5 രൂപ നിരക്കിലും നൽകാവുന്നതാണ്. ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന മറ്റ് സേവനങ്ങൾക്ക് ഒരു പൊതു നിരക്ക് നിശ്ചയിച്ച് ആയതിന്റെ 75% ഫെസിലിറ്റേറ്റർക്ക് നൽകാവുന്നതും 25% മെയിന്റനൻസ് ഇനത്തിൽ വാർഡ് വികസന സമിതിക്കും നൽകാവുന്നതാണ്.

(സി) ഗ്രാമസഭ/വാർഡ് സഭകളുടെ ആസ്ഥാനമെന്ന നിലയിൽ ഗ്രാമസഭകളുടെ സംഘാടനത്തിനും വാർഡിൽ നടക്കുന്ന ഭരണ-വികസന-ക്ഷേമ-സേവന-സാംസ്കാരിക-സാമൂഹിക പ്രവർത്തനങ്ങൾ കൂട്ടായി ചർച്ച ചെയ്യുന്നതിനും വിലയിരുത്തുന്നതിനും അവ നടപ്പാക്കുന്നതിൽ വാർഡ് വികസന സമിതിയെ സഹായിക്കുന്നതിനും

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടിയുള്ള വികേന്ദ്രീകൃത ഭരണ സേവന കേന്ദ്രമാണ് ഗ്രാമകേന്ദ്രം/സേവാകേന്ദ്രം. വാർഡ് വികസന സമിതി കുടുംബശ്രീ അംഗത്വമുള്ള, യോഗ്യയായ ഒരു വ്യക്തിയെയാണ് ഫെസിലിറ്റേറ്ററായി നിയമിക്കുന്നത്. ഗ്രാമകേന്ദ്രം ഫെസിലിറ്റേറ്റർ എ.ഡി.എസ്സിന്റെ സഹായത്തോടെ ഗ്രാമസഭാ പ്രവർത്തനങ്ങളും വാർഡ് വികസന സമിതി പ്രവർത്തനങ്ങളും സുഗമമാക്കുകയും പഞ്ചായത്തുകളുടെ നികുതി പിരിവ് തുടങ്ങിയ ചുമതലകളിൽ സഹായിക്കുകയും ചെയ്യുന്നു. കുടുംബശ്രീ അംഗമോ അവരുടെ കുടുംബാംഗമോ ആയ എസ്.എസ്.എൽ.സി.-യും ഡി.സി.എ.-യും യോഗ്യതയുള്ള 18 -നും 45 -നും മധ്യേ പ്രായമുള്ള 3 പേരെ കുടുംബശ്രീ സി.ഡി.എസ്സ്. നിർദ്ദേശിക്കുകയും വാർഡ് കൗൺസിലറുമായി ആലോചിച്ച് ഒരു വ്യക്തിയെ പഞ്ചായത്ത് കമ്മിറ്റി ഐകകണ്ഠ്യേന തീരുമാനിക്കുകയുമാണ് ചെയ്യുന്നത്. ഇവർക്ക് പ്രതിമാസം 1,000 രൂപ ഓണറേറിയമായി നൽകുന്നതാണ്. 6-2-2015-ലെ 55847/ഐഎ 1/14/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം സേവാഗ്രാം പ്രവർത്തകരുടെ ചുമതലകൾ നിശ്ചയിച്ചിട്ടുണ്ട്. ആയത് അനുബന്ധം - II ചേർത്തിരിക്കുന്നു.*

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേക ധനസഹായം

26 (*146) ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. കെ. ദാസൻ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പിരിച്ചെടുക്കേണ്ട കെട്ടിട നികുതിയിൽ കുറവ് വരുത്തിയതുകൊണ്ട് അവയുടെ വരുമാനം കുറഞ്ഞതു സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതികൾ തയ്യാറാക്കിയിട്ടുള്ളത് കെട്ടിടനികുതിയിൽ മുൻനിശ്ചയിച്ച പ്രകാരം ലഭിക്കുമായിരുന്ന വരവിന്റെ അടിസ്ഥാനത്തിലായിരുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കെട്ടിട നികുതിയിൽ കുറവ് പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേക ധനസഹായം നൽകാൻ നടപടി സ്വീകരിക്കുമോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.